(ബി) വോട്ടർമാരുടെ പഴയ ഐഡന്റിറ്റി കാർഡ് മാറ്റി പുതിയ കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ബൂത്ത് ലെവൽ ഓഫീസർമാർക്ക് അഡ്വാൻസ് തുകയായി 500 രൂപാ വീതം അനുവദിച്ചിട്ടുള്ളതാണ്. 2015-16 വർഷത്തെ പൂർണ്ണ ബഡ്ജറ്റ് പാസായ ശേഷം മാത്രമേ ബാക്കി തുകയും അനുവദനീയമായ മറ്റ് പ്രതിഫലവും ബി.എൽ.ഒ.-മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

ശമ്പള/പെൻഷൻ പരിഷ്കരണം

14 (4341) ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര ശമ്പള/പെൻഷൻ പരിഷ്കരണ തുല്യത ഉറപ്പ് വരുത്തി ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) വേതന/പെൻഷൻ പരിഷ്കരണ കാര്യത്തിലുള്ള അനിശ്ചിതാവസ്ഥ ജീവനക്കാരിലും അദ്ധ്യാപകരിലും പെൻഷൻകാരിലും കടുത്ത ആശങ്കയ്ക്കിടയാക്കിയിരിക്കുന്നതായി അറിയാമോ ; ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ ; റിപ്പോർട്ടിലെ ശിപാർശകൾ വെളിപ്പെടുത്താമോ ; വിശദമാക്കാമോ ;

(സി) ഈ പ്രശ്നത്തിൽ അനിശ്ചിതകാലപണിമുടക്ക് നോട്ടീസ് നൽകിയ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് 13-7-2015-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വേതന/പെൻഷൻ പരിഷ്കരണ കാര്യത്തിൽ യാതൊരു അനിശ്ചിതാവസ്ഥയും ഇപ്പോൾ ഇല്ല. ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനമെടുത്തിട്ടില്ല. റിപ്പോർട്ടിലെ ശിപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അനിശ്ചിതകാല പണിമുടക്ക് പിൻവലിച്ച സാഹചര്യത്തിൽ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly